പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ; 1499

21-3-12 ൽ
മറുപടിക്ക്

## ടാഗോർ തിയേറ്ററിന്റെ ആധുനികവൽക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ഡോ. കെ.ടി. ജലീൽ | | ശ്രീ. കെ.സി. ജോസഫ് ( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) | തിരുവനന്തപുരത്തെ ടാഗോർ തിയറ്റർ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | എ) | ടാഗോർ തിയേറ്റർ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇപ്പോൾ പ്രാരംഭ ഘട്ടത്തിലാണ്. |
| ബി) | ഇരുനൂറ്റി അൻപതിൽപരം സസ്യജാലങ്ങളുടെ സംരക്ഷണ കേന്ദ്രമായിരുന്ന ടാഗോർ തിയറ്റർ നവീകരണ പ്രവർത്തനത്തിനിടയിൽ സസ്യശേഖരത്തിന് ഹാനി സംഭവിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുക; | ബി) | സസ്യജാലങ്ങൾക്ക് പരമാവധി ഹാനി സംഭവിക്കാതെയുള്ള ഡിസൈൻ പ്രകാരമാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്. |
| സി) | നവീകരണ പ്രവർത്തനത്തിന് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്. | സി) | ആകെ 10.64 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. നടപ്പു സാമ്പത്തികവർഷം 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| ഡി) | നവീകരണ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് ഏത് സ്ഥാപനമാണെന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | ഡി) | കെ.റ്റി.ഡി.എഫ്.സി എന്ന സർക്കാർ സ്ഥാപനത്തിനെയാണ് നിർമ്മാണചുമതല ഏൽപ്പിച്ചിരിക്കുന്നത്. 3 വർഷമാണ് പദ്ധതി പൂർത്തിയാക്കേണ്ട കാലാവധിയായി നിശ്ചയിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ